എ.ഒ.എം.എം.എൽ.പി.എസ്

മാവേലിക്കര

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

Scanned with OKEN Scanner

# ആമുഖം.

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികാസത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. വികസനോന്മുഖമായ ഒരു സമൂഹ നിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസപ്രക്രിയയെ ആസൂത്രണം ചെയ്യേണ്ടതുണ്ട്. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം എന്നത് എല്ലാ നിലവാരക്കാരെയും ഉൾക്കൊള്ളുന്നതും ഓരോ കുട്ടിക്കും തുല്യതയുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്ത പഠന അവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ്.

കേരളം മറ്റു പല രംഗങ്ങളിലും എന്ന പോലെ വിദ്യാഭ്യാസ രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കിയ 'പൊതുവിദ്യാലയ സംരക്ഷണ യജ്ഞം' വിദ്യാഭ്യാസ രംഗത്ത് അഭൂതപൂർവ്വമായ ഉണർവ്വ് സൃഷ്ടിച്ചു. ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതികരംഗത്തും,



Scanned with OKEN Scanner

അക്കാദമിക രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി വരുന്നു.

## കാഴ്ചപ്പാട്

കേരളത്തിലെ/സ്കൂളിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതത് ക്ലാസ്സുകളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും സജ്ജമാക്കുന്നു. കുട്ടികളുടെ ശേഷീവികസനത്തിനായി കലാ-കായിക, പ്രവൃത്തി പരിചയ പ്രവർത്തനങ്ങളും പരിശീലനങ്ങളും ലോകനിലവാരത്തിലെ മേളകൾക്കുമായി ഇതാണ് മാസ്റ്റർപ്ലാൻ അരങ്ങൊരുക്കുന്നു.

അറിവിനെ ജീവിതവുമായി ബന്ധിപ്പിക്കുക, ഭാവിജീവിതത്തിൽ അവ പ്രയോജനപ്പെടുത്താനുള്ള കഴിവും ശേഷിയും വികസിപ്പിക്കുക തുടങ്ങിയവയ്ക്ക് സഹായകമായ രീതിയിലാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ തീരു-

മാറിച്ചിട്ടുള്ളത്. അവസര തുല്യത, ലിംഗസമത്വം
പങ്കാളിത്തം, മാനവികത എന്നിവയ്ക്ക് കൂടുതൽ
പ്രാധാന്യം നൽകിക്കൊണ്ടുള്ള വിദ്യാഭ്യാസമാണ്
കുട്ടികൾക്ക് നൽകുന്നത്. പി.ടി.എ., എസ്.എസ്
ജി, പൂർവ്വ വിദ്യാർത്ഥികൾ, പഞ്ചായത്ത് അഭ്യു
ദയ കാംക്ഷികൾ എന്നിവരുടെ സഹകരണ
ത്തോടും പിന്തുണയോടും കൂടിയാണ് ഈ പദ്ധ-
തികൾ നിർവ്വഹിക്കുന്നത്.

## ലക്ഷ്യങ്ങൾ

* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.

* വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

* വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ-കായിക പ്രവൃത്തി പരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.

* വിദ്യാലയത്തിലെ പഠന പിന്തുണാസംവിധാനങ്ങളായ ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്യമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

* ഓരോ അധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.



Scanned with OKEN Scanner

* വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലുള്ളതും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലുള്ളതും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലുള്ളതുമായ ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനാകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

* പാർശ്വവത്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

## അവസ്ഥാപഠനത്തിലെ പ്രധാന കണ്ടെത്തലുകൾ പ്രശ്നങ്ങൾ.

- കുട്ടികളിൽ എഴുത്ത് വായന എന്നീ മേഖലകളിലെ ബുദ്ധിമുട്ട്.
- സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടുന്നതിലുള്ള പരിചയക്കുറവ്.
- ഗണിതത്തിലെ ചതുഷ്ക്രിയകൾ കൈകാര്യം ചെയ്യുന്നതിൽ പ്രയാസം നേരിടുന്നു.
- ഉന്നത വസ്തുതകൾ കൈകാര്യം ചെയ്യാൻ ബുദ്ധിമുട്ട് നേരിടൽ.

# പഠനാന്തരീക്ഷം.

- ക്ലാസ് മുറികൾ പഠനാവശ്യങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ സജ്ജമാണ്.
- എല്ലാ വിഭാഗം കുട്ടികളെയും ഉൾക്കൊള്ളുന്ന അന്തരീക്ഷം
- അനുയോജ്യമായ പഠനോപകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.
- അധ്യാപക വിദ്യാർത്ഥി ബന്ധം വളരെ ദൃഢമാണ്.
- ആധുനിക സാങ്കേതിക വിദ്യകൾ (കമ്പ്യൂട്ടർ, ലാപ്ടോപ്പ്, പ്രൊജക്ടർ) എന്നിവ വളരെ കാര്യക്ഷമമായും കുട്ടികൾക്ക് ഏറെ പ്രയോജനപ്രദവും അറിവുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
- ലൈബ്രറി, ജൈവ വൈവിധ്യ ഉദ്യാനം എന്നിവയുടെ ലഭ്യത ഉണ്ട്.
- കളിസ്ഥലവും കളിഉപകരണങ്ങളും കുട്ടികളുടെ ആവശ്യാനുസരണമുള്ള ലഭ്യത ഉറപ്പുവരുത്തുന്നു.



Scanned with OKEN Scanner

# ഭൗതിക സാഹചര്യം

- മികവിന്റെ കേന്ദ്രമായി മാറുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക എന്നത് വളരെ അത്യാവശ്യ ഘടകമാണ്.
- പരിസ്ഥിതി സൗഹൃദ — വിദ്യാർത്ഥി-സൗഹൃദ സ്കൂൾ — ക്ലാസ് അന്തരീക്ഷം നിലനിൽക്കുന്നു.
- ഓരോ ക്ലാസിനും അനുയോജ്യമായ ലൈബ്രറികൾ.
- കളിസ്ഥലവും കളിയുപകരണങ്ങളും മികച്ച രീതിയിൽ ഉണ്ട്.
- ശുദ്ധജല ലഭ്യത ഉണ്ട്.
- ഗതാഗത സൗകര്യമുണ്ട്.
- മതിയായ എണ്ണം ശുചിമുറി ഉണ്ട്. ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ്, ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റ് കുട്ടികൾക്ക് ലഭ്യമാകുന്നു
-

## വിദ്യാലയം നേരിടുന്ന പ്രശ്നങ്ങൾ വെല്ലുവിളികൾ.

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ. |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| വായന. | അക്ഷരങ്ങളോടൊപ്പം തെറ്റില്ലാതെയും വായിക്കുന്നതിൽ ബുദ്ധിമുട്ട്. | | ✓ | | • കുട്ടികൾക്ക് വായനയിലുള്ള താല്പര്യമില്ലായ്മ<br>• മാധ്യമങ്ങളുടെ [മൊബൈൽ, ടി.വി etc.] സ്വാധീനം. |
| എഴുത്ത് | തെറ്റില്ലാതെ വാക്കുകളും വാക്യങ്ങളും എഴുതുന്നതിനുള്ള പ്രയാസം. | | ✓ | | • എഴുതുവാനും വായനകൾ ശ്രദ്ധിക്കുന്നതിനുള്ള താല്പര്യമില്ലായ്മ.<br>• പരിചയക്കുറവ്. |
| ചതുഷ്ക്രിയകൾ | ഗണിതത്തിലെ ചതുഷ്ക്രിയകൾ ചെയ്യുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. | | ✓ | | • ഗണിതത്തോടുള്ള താല്പര്യക്കുറവ്, ഭയം<br>• അനുഭവങ്ങൾ പ്രായോഗികമായ തലത്തിൽ ഇല്ലാത്തത്. |

# അക്കാദമിക മാസ്റ്റർപ്ലാൻ.

ക്ലാസ്സ്: I - IV

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം. | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | എഴുത്ത് | • അക്ഷരക്കാർഡുകൾ ചേർത്ത് വാക്കുകൾ കണ്ടെത്തി എഴുതൽ<br>• വാക്കുകൾ സ്വയം നിർമ്മിക്കൽ<br>• അക്ഷരങ്ങൾ എഴുതി അക്ഷര കേളികൾ.<br>• അക്ഷരകാടുകൾ/ കാർഡുകൾ ഉപയോഗിച്ചുള്ള കേളികൾ | 3 മാസം | അധ്യാപകർ, മാതാപിതാക്കൾ | | |
| 2. | വായന | • പദച്ചങ്ങല നിർമ്മിച്ച് വായിക്കുക.<br>• അക്ഷരക്കാർഡുകൾ ചേർത്ത് വച്ച് വാക്കുകൾ നിർമ്മിക്കുക. | 4 മാസം | സഹഅധ്യാപകർ, കുട്ടികൾ. | | |

Scanned with OKEN Scanner

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം, | റിമാർക്ക് |
|---|---|---|---|---|---|---|
| 3. | നിരീക്ഷണം | • ചുറ്റുപാടുകളെ നിരീക്ഷിക്കൽ, മാറ്റങ്ങൾ, പ്രകൃതി ഭംഗി വർണ്ണിക്കൽ, ജീവികളെ കണ്ടെത്തൽ പ്രത്യേകതകൾ പറയൽ. | 4 മാസം | ക്ലാസ്സ് ടീച്ചർ, മാതാപിതാക്കൾ | | |
| 4. | ഗണിതം/ ഗണിത പ്രവർത്തനങ്ങൾ | • വിവിധ കളികളിലൂടെയും മറ്റും പട്ടിക ഉറപ്പിക്കൽ.<br>• ഉല്ലാസ ഗണിതം, ഗണിത വിജയം പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തൽ. | 6 മാസം. | അധ്യാപകർ കുട്ടികൾ. | | |
| 5. | ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ | • ലോക ലഹരി വിരുദ്ധ ദിനാചരണം<br>• സിഗ്നേച്ചർ ക്യാമ്പെയിൻ,<br>• ബോധവൽക്കരണ ക്ലാസ്സ്.<br>• വീഡിയോ പ്രദർശനം.<br>• പോസ്റ്റർ രചന.<br>• സുംബാ ഡാൻസ്<br>• ഫ്ലാഷ് മോബ്. | ജൂൺ മാസം | കുട്ടികൾ, അധ്യാപകർ, പോലീസ്, സാമൂഹ്യപ്രവർത്തകർ, ഹെൽത്ത് തുടങ്ങിയ മേഖലയിലെ പ്രമുഖർ | | |



Scanned with OKEN Scanner

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 6 | • പരിസ്ഥിതി ദിന പ്രവർത്തനങ്ങൾ | . Seed ക്ലബ് ഉദ്ഘാടനം.<br>· പച്ചക്കറി കൃഷി<br>· വൃക്ഷത്തൈ നടീൽ | ജൂൺ മാസം. | പരിസ്ഥിതി ക്ലബ് പ്രവർത്തകർ, അധ്യാപകർ PTA seed club കോർഡിനേറ്റർ വാർഡ് മെമ്പർ കൃഷിഭവൻ. | | |
| 7. | • വായന ദിന പ്രവർത്തനങ്ങൾ — മാസാചരണം. | 1 ലൈബ്രറി പരിചയപ്പെടൽ<br>2 പുസ്തക പരിചയം.<br>3 ക്ലാസ് ലൈബ്രറി ഒരുക്കൽ<br>4 പത്രവായന, 5 ക്വിസ് വായന മത്സരം 6 ലൈവ് വായന,<br>7 കൈയ്യെഴുത്ത് മത്സരം.<br>8 പുസ്തക പ്രദർശനം 9 പുസ്തക ആസ്വാദനം 10 അമ്മ വായന.<br>[illegible] മത്സരം<br>11. അക്ഷര മരം. | ജൂൺ പ്രവർത്തനം 1, 2, 3, 4, 8, 10, 11 | അധ്യാപകർ, PTA. കുട്ടികൾ. | | |

| ക്രമ നമ്പർ. | മേഖല. | പ്രവർത്തനങ്ങൾ. | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ചുമതല | സാമ്പത്തികം. | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | വായനാദിന പ്രവർത്തനങ്ങൾ. | 12. കവിതാ രചന.<br>13. ചിത്രം നോക്കി കഥ പറയൽ<br>14. കഥാരചന. | പ്രവർത്തനം 5,10 | പ്രവർത്തനം 7,13 | പ്രവർത്തനം 9,12,14 | അധ്യാപകർ, കുട്ടികൾ | | |
| 8 | ചാന്ദ്രദിന പ്രവർത്തനങ്ങൾ | 1. ചന്ദ്രനെയറിയാൻ<br>2. വീഡിയോ പ്രദർശനം.<br>3. റോക്കറ്റ് നിർമ്മാണം.<br>4. ക്വിസ്. | പ്രവർത്തനം 1 – 4. | | | | | |
| 9 | സ്വാതന്ത്ര്യ ദിനം. | 1. സ്വാതന്ത്ര്യ സമരസേനാനിയെ സന്ദർശിക്കൽ.<br>2. ആർട്ട് ഗ്യാലറി. | | പ്രവർത്തനം 1,2. | | | | |
| 10. | മത്സരങ്ങൾക്ക് പരിശീലനം. | 1. GK പഠനം.<br>2. ആനുകാലിക വിവര ശേഖരണം. | പ്രവർത്തനം 1,2,3 | പ്രവർത്തനം 1,2,3 4 | പ്രവർത്തനം 1,2,3 4,5. | | | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | ജൂലൈ | ഓഗസ്റ്റ് | സെപ്റ്റംബർ | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | 3. ചതുഷ്ക്രിയകൾ ഉറപ്പിക്കൽ.<br>4. തെറ്റുകൂടാതെയും ഒഴുക്കോടെയും വായിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.<br>5. സ്വയം രചനാപ്രവർത്തനങ്ങൾ. | | | | | | |
| 11 | കലാ-കായിക പ്രവൃത്തി പരിചയം ആരോഗ്യ പ്രവർത്തനങ്ങൾ. | 1. സൂംബാ പരിശീലനം.<br>2. പേപ്പർ ക്രാഫ്റ്റ്<br>3. ഒറിഗാമി പ്രവർത്തനങ്ങൾ.<br>4. എക്സർസൈസ്.<br>5. ബോട്ടിൽ ആർട്ട്.<br>6. ബോധവൽക്കരണ ക്ലാസ്.<br>7. ആരോഗ്യ ക്യാമ്പ്<br>8. വ്യക്തിശുചിത്വ ക്ലാസ്സ്. | പ്രവർത്തനം 1-8. | പ്രവർത്തനം 1-8 | പ്രവർത്തനം 1-8 | അധ്യാപകർ.<br>ആരോഗ്യവകുപ്പ്. | | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | ഒക്ടോബർ | നവംബർ | ഡിസംബർ | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| 12 | ശിശുദിനം-പ്രവർത്തനങ്ങൾ | • കുട്ടി അധ്യാപകർ ക്ലാസ് എടുക്കുന്നു.<br>• ശിശുദിന ആശംസാ കാർഡുകൾ നിർമ്മാണം, കൈമാറൽ.<br>• ശിശുദിന റാലി പോസ്റ്റർ രചനാ മത്സരങ്ങൾ.<br>• ശിശുക്കളെ സ്വാഗതം ചെയ്യൽ, ചെറു സമ്മേളനം. | | | | | | |
| 13 | രക്തസാക്ഷി ദിനം പ്രവർത്തനങ്ങൾ | • ഗാന്ധിജി അനുസ്മരണം<br>• വീഡിയോ പ്രദർശനം<br>• വീഡിയോ – ഗാന്ധിജിയുടെ അന്ത്യനിമിഷം<br>• ശേഖരിക്കൽ. | | | | | | |

# വിലയിരുത്തൽ പ്രവർത്തനങ്ങൾ

* കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറ്റിയിട്ടുണ്ട്.
* കുട്ടികളുടെ മികച്ച സ്വതന്ത്രരചനകളെ വായനാ കാർഡുകളായി മാറ്റിയിട്ടുണ്ട്.
* ഭാഷോത്സവം ജനകീയമാക്കുന്നതിനുള്ള ആസൂത്രണം.
* രചനോത്സവം ഭാഷാ പ്രവർത്തനങ്ങളുമായി ഉറപ്പിക്കൽ.
* കുട്ടികളുടെ രചനകൾ ചേർത്ത് കയ്യെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
* മികവുകൾ സമൂഹത്തിനു മുന്നിൽ എത്തിക്കുന്നു
* സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കൽ.
* സചിത്രനോട്ട് ബുക്ക് പഠനക്രമീകരണങ്ങൾ നേടുന്നു.
* താളാത്മകമായി പാടൽ, വ്യവഹാരരൂപങ്ങളിൽ എത്തിച്ചേരൽ.
* സചിത്ര പാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പാക്കൽ.
* സർഗാത്മക ശേഷി വികസനത്തിനുള്ള കഴിവുകൾ സാധ്യതകൾ ഉറപ്പാക്കൽ
* ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു
* എല്ലാ കുട്ടികളും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

Scanned with OKEN Scanner

# ഉപസംഹാരം

കേരളം ലോകത്തിനാകമാനം മാതൃകയാണെന്ന് അഭിമാനം കൊള്ളുമ്പോഴും, വിദ്യാഭ്യാസ രംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ ഓരോ വിദ്യാർത്ഥിക്കും ദേശഭാഷ, വർഗ, വർണ്ണ, ലിംഗ ഭേദമെന്യേ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് നാം ചിന്തിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥികളുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം നാം പ്രാപിക്കേണ്ടതാണ്. അതിനായി നമ്മുടെ വിദ്യാലയങ്ങളെ സമൂലമായി മാറ്റിയെടുക്കേണ്ടതുണ്ട്. അതിനായി വിദ്യാലയ സമൂഹവും, അധ്യാപകരും വിദ്യാഭ്യാസ സംവിധാനങ്ങളും കൂട്ടായി യത്നിക്കണം. നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമായ ഈ മാസ്റ്റർ പ്ലാൻ നമ്മുടെ പ്രവർത്തനങ്ങൾക്ക് ഒരു മാർഗദർശിയാകട്ടെ.

Scanned with OKEN Scanner